VADAKKEKKAD | LITTLE KITES

# HSS THIRUVALAYANNUR NEWS

JANUARY 2026




## തിരുവളയന്നൂരിൽ റോബോട്ടിക് ഫെസ്റ്റ് സംഘടിപ്പിച്ചു



കല്ലൂർ: വിദ്യാർത്ഥികളുടെ സാങ്കേതിക പ്രാവീണ്യത്തെ ഉയർത്തിക്കാട്ടുന്ന ലിറ്റിൽ കൈറ്റ്സ് റോബോട്ടിക് ഫെസ്റ്റ് ഡിസംബർ 9. 2025 ന് സംഘടിപ്പിച്ചു. പരിപാടി പ്രധാനാധ്യാപിക ജിഷ ടീച്ചർ ഉദ്ഘാടനം ചെയ്തു.

ഫെസ്റ്റിന്റെ ഭാഗമായി ഏഴോളം നവീന പ്രവർത്തനങ്ങളും പ്രായോഗിക സെഷനുകളും അരങ്ങേറി. പിക്ടോബ്ലോക്സ് ഉപയോഗിച്ചുള്ള റോബോട്ടിക് പ്രോഗ്രാമിംഗ്. ചെറുറോബോട്ടുകളുടെ നിയന്ത്രണം. സെൻസർ അടിസ്ഥാനത്തിലുള്ള സ്മാർട്ട് മോഡലുകൾ. സൃഷ്ടിപരമായ ഡിസൈൻ ചലഞ്ചുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ വിദ്യാർത്ഥികളിൽ സാങ്കേതികതയോടുള്ള പുതുമയും ആത്മവിശ്വാസവും വളർത്തി.

ഭാവിയിലെ കണ്ടുപിടിത്തങ്ങൾക്ക് അടിത്തറയിടുന്ന വിധത്തിൽ കുട്ടികൾ കാഴ്ചവെച്ച സൃഷ്ടിപരമായ ചിന്തനവും സാങ്കേതിക കൈവേലയും പരിപാടിയെ ശ്രദ്ധേയമാക്കി.കൈറ്റ് മെൻറ്റർമാരായ മഞ്ജു ജോർജ്. ഷിജി ആന്റണി വിദ്യാർഥികളായ മുഹമ്മദ് തഫ്ഹീം. ഗബ്രിയേൽ വി ജോബി എന്നിവർ നേതൃത്വം നൽകി.

## ക്രിസ്മസ് ആഘോഷിച്ചു. കേക്ക് ഫെസ്റ്റ് സംഘടിപ്പിച്ചു.



തിരുവളയന്നൂർ : ക്രിസ്മസ് ആഘോഷങ്ങളുടെ ഭാഗമായി സ്കൂളിൽ LP വിഭാഗത്തിന്റെ നേതൃത്വത്തിൽ വർണാഭമായ കേക്ക് ഫെസ്റ്റ് സംഘടിപ്പിച്ചു. കുട്ടികളുടെ സജീവ പങ്കാളിത്തത്തോടെ വിവിധ തരത്തിലുള്ള രുചികരമായ കേക്കുകൾ ഒരുക്കി ആഘോഷിച്ചു.

പരിപാടിയുടെ ഭാഗമായി സാന്താക്ലോസ് എത്തി കുട്ടികൾക്ക് ആശംസകൾ നേർന്നു. സന്തോഷം നിറഞ്ഞ പാട്ടും ആട്ടവും പരിപാടിയെ കൂടുതൽ ആവേശകരമാക്കി. അധ്യാപകരുടെ സ്നേഹപൂർവമായ നേതൃത്വത്തിൽ നടന്ന ആഘോഷങ്ങൾ സ്കൂൾമുറ്റം മുഴുവൻ ക്രിസ്മസ് നിറങ്ങളാൽ നിറച്ചു.

സന്തോഷവും സൗഹൃദവും പങ്കുവെച്ച ക്രിസ്മസ് സന്ദേശങ്ങളോടെ പരിപാടി സമാപിച്ചു.



10 ദിവസത്തെ NCC ക്യാമ്പിനായി സെന്റ് അലോഷ്യസ് കോളേജിലേക്ക് പോകുന്ന തിരുവളയന്നൂർ ടീം




ലിറ്റിൽ കൈറ്റ്സ്

## വിദ്യാലയവാണി – സ്കൂൾ റേഡിയോ

തിരുവളയന്നൂർ : വിദ്യാർത്ഥികളുടെ ആശയവിനിമയ നൈപുണ്യങ്ങൾ വളർത്തുന്നതിനായി സ്കൂളിൽ 'വിദ്യാലയവാണി' എന്ന പേരിൽ സ്കൂൾ റേഡിയോ പ്രവർത്തനം ആരംഭിച്ചു. ഉച്ചക്ക് സംപ്രേഷണം ചെയ്യുന്ന പ്രോഗ്രാമിൽ ദിവസവാർത്തകൾ, പൊതുവിജ്ഞാന കുറിപ്പുകൾ, പ്രചോദന സന്ദേശങ്ങൾ, ഗാനങ്ങൾ എന്നിവയാണുള്ളത്. വിദ്യാർത്ഥികൾ തന്നെ അവതാരകരായും പരിപാടി നിർമ്മാതാക്കളായും പങ്കാളികളാകുന്ന ഈ പ്രവർത്തനം കുട്ടികളിൽ ആത്മവിശ്വാസവും നേതൃത്വഗുണവും വളർത്തുന്നു. അധ്യാപകനായ ജെംസ് മാസ്റ്ററുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന സ്കൂൾ റേഡിയോ പ്രവർത്തനം ഏറെ ശ്രദ്ധേയമായികൊണ്ടിരിക്കുന്നു.






കല്ലൂർ: Little Kites പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച സബ് ജില്ലാ തല ക്യാമ്പിലേക്ക് നമ്മുടെ സ്കൂളിൽ നിന്നുള്ള 8 വിദ്യാർത്ഥികൾക്ക് സെലക്ഷൻ ലഭിച്ചു. വിവിധ സ്കൂളുകളിൽ നിന്നുള്ള മികച്ച വിദ്യാർത്ഥികളാണ് ക്യാമ്പിൽ പങ്കെടുക്കുന്നത് . കോഡിംഗ്, റോബോട്ടിക്സ്, അനിമേഷൻ, ഡിജിറ്റൽ സാങ്കേതികവിദ്യകൾ തുടങ്ങിയ മേഖലകളിൽ പരിശീലനം ലഭിക്കുന്ന ക്യാമ്പ് വിദ്യാർത്ഥികളുടെ സാങ്കേതിക മികവ് വർധിപ്പിക്കുന്നതിൽ പ്രധാന പങ്കുവഹിച്ചു.